# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7520** — **17.07.2012-ൽ മറുപടിക്ക്**

## കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിച്ച പെൻഷൻകാരുടെയും ഫാമിലി പെൻഷൻകാരുടെയും മുഴുവൻ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | എ) കാർഷിക സർവ്വകലാശാലയിൽ നിന്നും 2010-ൽ വിരമിച്ച തൊഴിലാളികളുടേയും ക്ലാസ് 4 ജീവനക്കാരുടേയും കുടുംബ പെൻഷൻകാരുടേയും പെൻഷൻ ആനുകൂല്യങ്ങൾ നൽകി കഴിഞ്ഞു. എന്നാൽ മറ്റ് വിഭാഗങ്ങളിൽപ്പെട്ട 2010-ൽ വിരമിച്ചവരുടേയും 2011-ൽ വിരമിച്ച എല്ലാപേരുടേയും പെൻഷൻ ആനുകൂല്യങ്ങൾ ഇതുവരെ നൽകിയിട്ടില്ല. സർവ്വകലാശാല യിൽ നിന്ന് 31/03/2011 വരെ വിരമിച്ചവരുടെ മൊത്തം ബാധ്യത തീർക്കുന്നതിനായി 50 കോടി രൂപയോളം വേണ്ടി വരും. |
| ബി) വിരമിച്ച പല ഉദ്യോഗസ്ഥർക്കും ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ ലഭിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ഇവർക്ക് ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | സി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ